# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1768 — 16.06.2014-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള വർഷകാല ദുരിതാശ്വാസ നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.ഗീതാ ഗോപി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ട്രോളിംഗ് നിരോധനവും കാലവർഷവും മൂലം കടലിൽ പോകാൻ കഴിയാതെ വരുന്ന മത്സ്യത്തൊഴിലാളികൾക്ക് ദുരിതാശ്വാസം നൽകാൻ എന്തെല്ലാം മുൻകൂർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ; | (എ) | ട്രോളിംഗ് നിരോധനവും കാലവർഷവും മൂലം കടലിൽ പോകാൻ കഴിയാതെ വരുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ആശ്വാസം നൽകുന്നതിനായി സൗജന്യ റേഷൻ അനുവദിച്ചു വരുന്നു. കടലോര/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസക്കാലയളവിൽ (ഏപ്രിൽ മുതൽ ജൂൺ വരെ) സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം 600/- രൂപയും കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതം 1200/- രൂപയും ഉൾപ്പെടെ 1800/- രൂപ നൽകി വരുന്നു. തണൽ പദ്ധതി പ്രകാരം 30 കോടി രൂപ, രജിസ്റ്റർ ചെയ്ത ബയോമെട്രിക് കാർഡ് ഉള്ള മത്സ്യത്തൊഴിലാളികൾക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കാലവർഷം ശക്തിപ്പെടാൻ പോകുന്ന സാഹചര്യത്തിൽ തീരദേശങ്ങളിൽ താമസിക്കുന്നവർക്ക് സുരക്ഷ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും നടത്തുവാൻ ഉദ്ദേശിക്കുന്ന ആശ്വാസപ്രവർത്തനങ്ങളും എന്തെല്ലാമെന്ന് അറിയിക്കുമോ ? | (ബി) | കാലവർഷം ശക്തിപ്പെടാൻ പോകുന്ന സാഹചര്യത്തിൽ കടൽക്ഷോഭം പോലുള്ള അത്യാഹിതങ്ങളുണ്ടായാൽ തീരദേശങ്ങളിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പുമായി ചേർന്ന് സ്വീകരിക്കുന്നതാണ്. സുരക്ഷയ്ക്കായി കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകി വരുന്നു. ജില്ലാ കേന്ദ്രങ്ങളിൽ ഉൾപ്പെടെ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നു പ്രവർത്തിക്കുന്നു. |

Jayasree

സെക്ഷൻ ഓഫീസർ